# കേരള സർവകലാശാല

നം. പി.ആർ.264/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഡിസംബർ എട്ടിന് ആരംഭിക്കുന്ന ബി.കോം (ആനുവൽ) മേഴ്സി ചാൻസ് പരീക്ഷയ്ക്ക് തിരുവനന്തപുരം ജില്ലയിലെ അപേക്ഷകർ തിരുവനന്തപുരം ഗവ. ആർട്ട്സ് കോളേജിലും, കൊല്ലം ജില്ലയിലെ പരീക്ഷാ കേന്ദ്രങ്ങളും, പന്തളം എൻ.എസ്.എസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിലും, ആലപ്പുഴ ജില്ലയിലെ അപേക്ഷകർ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലും എത്തി പരീക്ഷ എഴുതേണ്ടതാണ്. അവരവരുടെ ഹാൾടിക്കറ്റുകൾ മേൽപ്പറഞ്ഞ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

## അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സർവകലാശാല നാനോസയൻസ് ആന്റ് നാനോടെക്നോളജി പഠനവകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ ലക്ച്ചറർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 13. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ ഡിഗ്രി കോഴ്സിന്റെ (2013 സ്കീം, 2014 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും (എസ്.ഡി.ഇ ഓഫീസ്, പാളയം തിരുവനന്തപുരം, കൊല്ലം എസ്.എൻ. കോളേജ്, ചേർത്തല എസ്.എൻ കോളേജ്) കൈപ്പറ്റേണ്ടതാണ്.

## ബി.എ ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ 11 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടേയും 2018 ജനുവരി 15 ൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടേയും (തിരുവനന്തപുരം ഗവ. കോളേജ് ഫോർ വിമെൻ) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കെമാറ്റ് പരീക്ഷ – 2018

കേരള സർവകലാശാല 2018 ഫെബ്രുവരി നാലിന് നടക്കുന്ന കെമാറ്റ് 2018 പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2018 ജനുവരി 20 ആണ്. കൂടുതൽ വിവരങ്ങൾക്ക് http://kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഈ വെബ്സൈറ്റിന്റെ ലിങ്ക് സർവകലാശാല വെബ്സൈറ്റിലെ ന്യൂസ് എന്ന വിഭാഗത്തിലും ലഭ്യമാണ്.

## ജോഫ് ഫോയർ

കേരള സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെയും. എംപ്ലോയ്മെന്റ് വകുപ്പിന്റെയും സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്ററിന്റെയും കേരള സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കെ.ഐ.സി.എം.എ) ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2017 ഡിസംബർ 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ തിരുവനന്തപുരം നെയ്യാർഡാമിന് സമീപമുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ക്യാമ്പസിൽ വച്ച് ഒരു സൗജന്യ ജോബ് ഫെയർ സംഘടിപ്പിക്കുന്നു. എസ്.എസ്.എൽ.സി മുതൽ മുകളിലോട്ട് വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ജോബ് ഫെയറിൽ തൊഴിൽ നേടിയെടുക്കുന്നതിന് അവസരമുണ്ട്. തൊഴിൽ മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ 2017 ഡിസംബർ 14-ാം തീയതി ഉച്ചക്ക് 12 മണിക്ക് മുൻപായി www.ncs.gov.in എന്ന വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ www.facebook.com/MCCTVM ൽ ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയത്ത് 0471-2272603, 9495562601, 8547618290 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പുതുക്കിയ പരീക്ഷാ തീയതി

കേരള സർവകലാശാല ഡിസംബർ ഒന്നാം തീയതിയിൽ നിന്നും ഡിസംബർ 16-ാം തീയതിയിലേക്ക് മാറ്റിയ എല്ലാ പരീക്ഷകളും ഡിസംബർ 19 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല ഒൻപതാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റഗുലർ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ ആറ് മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
05.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in